"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിലെ ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നതിനും മറ്റ് അത്യാവശ്യ ചെലവുകളും വഹിക്കുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 2235-02-103-99-00-10-00-N-V (NP) ശീർഷകത്തിൽ നിന്നും നാലാം ഗഡുവായി 5,96,000/- രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.31/2026/WCDD തീയതി,തിരുവനന്തപുരം, 20-01-2026

---

പരാമർശം:-

1. 30.04.2025-ലെ സ.ഉ(സാധാ)നം.164/2025/വ.ശി.വി.വ.
2. 15.07.2025-ലെ സ.ഉ(സാധാ)നം.321/2025/വ.ശി.വി.വ.
3. 17.10.2025 ലെ സ.ഉ(സാധാ)നം.422/2025/വ.ശി.വി.വ.
4. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് സെക്രട്ടറി-ഇൻ-ചാർജ്ജിന്റെ 24.11.2025 ലെ KSWB2/Accts/State Share/2025-26/43 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിലെ ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 2235-02-103-99-10 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുകയായ 76,20,000/- രൂപയിൽ നിന്നും പരാമർശം (1) പ്രകാരം ആദ്യ ഗഡുവായി 15,24,000/- രൂപയും, പരാമർശം (2) പ്രകാരം രണ്ടാം ഗഡുവായി 40,00,000/- രൂപയും പരാമർശം (3) പ്രകാരം മൂന്നാം ഗഡുവായി 15,00,000/- രൂപയും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിയിരുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ ബോർഡ് ജീവനക്കാർക്ക് 2025 ഒക്ടോബർ മുതൽ 2026 മാർച്ച് മാസം വരെയുള്ള ശമ്പളത്തിനും 2025 നവംബർ മാസം മുതൽ 2026 മാർച്ച് മാസം വരെയുള്ള പെൻഷനും മറ്റ് അത്യാവശ്യചെലവുകളും നിർവ്വഹിക്കുന്നതിനുമായി 2025-26 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 2235-02-103-99-10 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ അനുവദിച്ച 76,20,000/- രൂപയിൽ ബാക്കിയുള്ള 5,96,000/- രൂപ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബോർഡ് സെക്രട്ടറി-ഇൻ-ചാർജ്ജ് പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമബോർഡ് ജീവനക്കാരുടെ ശമ്പളവും പെൻഷനും മറ്റ് അത്യാവശ്യ ചെലവുകളും വഹിക്കുന്നതിനായി 2235-02-103-99-00-10-00-N-V (NP) ശീർഷകത്തിൽ അനുവദിച്ച 76,20,000/- രൂപയിൽ ബാക്കിയുള്ള 5,96,000/- (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ആറായിരം

രൂപ മാത്രം) വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ.റ്റി.കെ.

അഡിഷണൽ സെക്രട്ടറി

1. സെക്രട്ടറി-ഇൻ-ചാർജ്ജ്, കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ്
2. അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/ എ&ഇ) കേരളം,തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (WCD-1/216/2025-FIN (e 3283868) )
4. വെബ് & ന്യൂ മീഡിയ ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
Date: 21-01-2026 12:11:51

സെക്ഷൻ ഓഫീസർ